April: 29

# KGBEU OU ബുള്ളറ്റിൻ 19/2022

സഖാക്കളെ,

## വിഷയം : ട്രാൻസ്ഫർ 2022

ഇത്തവണത്തെ ട്രാൻസ്ഫർ പ്രക്രിയ പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. ആദ്യം Scale 2 & 3 ട്രാൻസ്ഫറും, പിന്നീട് Scale 1 ട്രാൻസ്ഫറും ഇറങ്ങുകയും അതിൽ സംഭവിച്ച ഗുരുത രമായ വീഴ്ചകൾ ഉയർത്തി സംഘടന ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്ത വിവരം വാട്സ് ആപ്പ് മെസ്സജേ വഴി ജീവനക്കാരെ അറിയിച്ചിരുന്നു. തുടർന്ന് നടന്ന OAST ട്രാൻസ്ഫറിലും ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നത്. ചരിത്രത്തിൽ ആദ്യമായി ഇറക്കിയ ട്രാൻസ്ഫർ പിൻവലിക്കാൻ HR വിംഗ് നിർബന്ധിതമായി എന്നതാണ് യാഥാർഥ്യം.

### എന്ത് കൊണ് ഇങ്ങനെ സംഭവിക്കുന്നത്?

ട്രാൻസ്ഫർ പോളിസി വന്നതിനു ശേഷം ട്രാൻസ്ഫർ ഇറക്കുന്നത് അംഗീകൃത സംഘടനക ളുമായി കൃത്യമായ ചർച്ചകൾ നടത്തുന്നത് വഴിയാണ്. പുതിയ ആളുകൾ HR വിംഗിലേക്ക് വരികയും പുതിയ രീതി അവലംബിക്കുകയും ചെയ്തതിലൂടെ അംഗീകൃത സംഘടനയെ അകറ്റി നിർത്താൻ ശ്രമിക്കുകയും മറ്റ് ചില സംഘടനകളുടെ പിണിയാളുകൾ നടത്തിയ ഇടപെടൽ വഴി HR വിംഗിനെ സർവത്ര കുഴപ്പത്തിൽ ആക്കുകയും ജീവനക്കാരുടെ മനസ്സമാധാനം കളയുകയും ആയിരുന്നു ഉണ്ടായത്. ഇത്തവണത്തെ ട്രാൻസ്ഫർ ഇത്രയും അബദ്ധമാവാൻ കാരണം മറ്റൊന്നല്ല.

Scale 2 & 3 ട്രാൻസ്ഫർ ഇറക്കിയത് ഒരു മൂന്നംഗ കമ്മിറ്റിയാണ്. തൃശ്ശൂർ, പാലക്കാട് ജില്ലയ്ക്ക് പുറത്തുള്ള ബ്രാഞ്ചുകളെപ്പറ്റിയോ ജീവനക്കാരെക്കുറിച്ചോ യാതൊരു ധാരണയുമില്ലാത്തവ രാണ് തങ്ങളെന്നും തങ്ങളുടെ ഇഷ്ടക്കാർക്ക് യഥേഷ്ടം ട്രാൻസ്ഫർ തരപ്പെടുത്തിക്കൊടുക്കാ മെന്നും ഇവരിൽ ചിലർ കരുതി. അങ്ങിനെ ആടിനെ പട്ടിയാക്കുന്ന ചില ഏർപ്പാടുകൾ നടത്തി ട്രാൻസ്ഫർ പ്രക്രിയ പൂർത്തിയാക്കിയപ്പോൾ അർഹരായ പലരും പുറത്തും അനർഹർ പലരും അകത്തുമായി. തുടർന്ന് സംഘടന വലിയ പ്രതിഷേധം രേഖപ്പെടുത്തുകയും സാധ്യമായ ഇടപെടൽ വഴി പരമാവധി ബുദ്ധിമുട്ട് പരിഹരിക്കുവാൻ സഹായിക്കുകയും ചെയ്തു.

തുടർന്നാണ് Scale 1 ട്രാൻസ്ഫർ ഇറങ്ങിയത്. അവിടെയും കാര്യങ്ങൾ തഥൈവ. നേരത്തെ ഇറങ്ങിയത് പോലെ, ഇത് വരെ out station സർവീസ് കണ്ടിട്ടില്ലാത്ത ആളുകൾക്ക് വീണ്ടും വളരെ അടുത്തും നല്ല out station point ഉള്ളവർ പുറത്തും. പ്രമോഷൻ ആയാൽ out station പോകേണ്ടതായി വന്നേക്കാം. എന്നാൽ കഴിഞ്ഞ കാലങ്ങളിൽ അതിനും കൃത്യമായ മാനദണ്ഡം ഉണ്ടായിരുന്നു. ഇത്തവണ അത്തരമൊരു മാനദണ്ഡം ഇല്ല. എല്ലാം ആർക്കൊക്കെയോ തോന്നിയ പോലെയാണ് നടത്തിയത്. അവിടെയും വലിയ പ്രതിഷേധം

രേഖപ്പെടുത്തുകയും തിരുത്തൽ വരുത്തുന്നതിനായുള്ള നിർദേശങ്ങൾ സംഘടന നൽകുകയും ചെയ്തു.

ഈ സാഹചര്യത്തിലാണ് OAST ട്രാൻസ്ഫർ ഇറങ്ങുന്നത്. ഇറങ്ങിയ ഉടൻ തന്നെ സംഘടനയ്ക്ക് ലഭിച്ച വിവര പ്രകാരം മുഴുവൻ അബദ്ധമാണെന്ന് മനസ്സിലാക്കുകയും കൃത്യമായ ഇടപെടൽ വഴി അത് hold ചെയ്ത് വെപ്പിക്കുകയും ചെയ്യാൻ നമുക്ക് കഴിഞ്ഞു. ഇനിയും ഇങ്ങനെ HR വിംഗിനെ മുന്നോട്ട് പോകാൻ അനുവദിക്കാനാവില്ല എന്ന് സംഘടന തീരുമാനിക്കുകയും ഇന്നലെ ജനറൽ സെക്രട്ടറിമാർ, കൺവീനർ എന്നിവരോടൊപ്പം സഖാക്കൾ സി രാജീവൻ, കെ എം മോഹൻ കുമാർ എന്നിവർ ഹെഡ് ഓഫീസിൽ എത്തുകയും ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് നടക്കുന്ന അവിഹിത ഇടപെടലിനെക്കുറിച്ചും തൊഴിലാളി വിരുദ്ധത സംബന്ധിച്ചും കൃത്യമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു. HR GM, HR CM എന്നിവരോടാണ് നാം സംസാരിച്ചത്. ജീവനക്കാർക്കെതിരായ ഓരോ ചെയ്തികളും നാം അക്കമിട്ട് നിരത്തി സംസാരിക്കുകയുണ്ടായി. ഇത്തരത്തിൽ മുന്നോട്ട് പോകാൻ മാനേജ്മെന്റിനെ അനുവദിക്കില്ല എന്ന കൃത്യമായ സന്ദേശവും നാം നൽകുകയുണ്ടായി.

OAST ട്രാൻസ്ഫർ ലിസ്റ്റിൽ യോഗ്യരായ കുറച്ചു പേർക്ക് അനുകൂലമായ ട്രാൻസ്ഫർ ലഭിച്ചിട്ടുണ്ട്. അവരാരും ആശങ്കപ്പെടേതില്ല. അവരുടെ യോഗ്യതയ്ക്കനുസരിച്ച ട്രാൻസ്ഫറിന് ഒന്നും സംഭവിക്കില്ല. കൂടുതൽ പേർക്ക് അനുകൂലമായ ട്രാൻസ്ഫർ ലഭ്യമാക്കുക എന്നതാണ് സംഘടനയുടെ മുന്നിൽ ഉള്ള ഉദ്യമം.

2022 ൽ join ചെയ്ത പുതിയ ജീവനക്കാരെ വിന്യസിക്കുന്നതിൽ സംഭവിച്ച പാളിച്ച, അംഗീകൃത സംഘടനകളുമായി ചർച്ച നടത്താതെ ഇറക്കിയ ട്രാൻസ്ഫർ തുടങ്ങിയവയാണ് ഇവിടുത്തെ സ്ഥിതി കൂടുതൽ വഷളാക്കിയത്.

അതോടൊപ്പം, പുതുതായി പ്രമോഷൻ ലഭിച്ച ജീവനക്കാരുടെ പുതുക്കിയ ശമ്പളം നൽകുന്നതിലും ഗുരുതരമായ വീഴ്ചയാണ് HR വിംഗിന് സംഭവിച്ചത്. ഇതിന്റെ പേരിൽ ജീവനക്കാരുടെ HL, Vehicle Loan, Festival Advance തുടങ്ങിയവ പോലും ആവശ്യമായ രീതിയിൽ ഉപയോഗപ്പെടുത്താൻ ജീവനക്കാർക്ക് കഴിഞ്ഞിട്ടില്ല. പതിനൊന്നാം കരാർ പ്രകാരമുള്ള IBA ഫിറ്റ്മെന്റ് ഫോർമുല ലഭിക്കാൻ വൈകി എന്നാണ് പറയുന്ന ന്യായം. ഇക്കാര്യത്തിൽ സംഭവിച്ച വീഴ്ച നേരത്തെ തുറന്ന് പറഞ്ഞിരുന്നെങ്കിൽ സ്ഥിതി ഇത്രത്തോളം വഷളാവാതെ നോക്കാമായിരുന്നിട്ടും ചിലയാളുകളുടെ complex ആണ് ഈ നിലയിൽ നമ്മുടെ അവസ്ഥയെ കൊണ്ട് ചെന്നെത്തിച്ചത്.

ഇത്തരം കാര്യങ്ങളിൽ സംഘടനയുടെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയതിനു ശേഷം ജീവനക്കാർക്ക് അനുകൂലമായ തീരുമാനം ഉണ്ടാവുമെന്ന ഉറപ്പിലാണ് നാം ചർച്ച അവസാനിപ്പിച്ചത്.

വരും നാളുകളിൽ സംഘടനയുടെ ജാഗ്രതയോടു കൂടിയ ഇടപെടൽ ഇക്കാര്യത്തിൽ കൂടുതലായുണ്ടാവും.

ജനറൽ സെക്രട്ടറി

KGB എംപ്ലോയീസ് യൂണിയൻ

KGB ഓഫീസേഴ്സ് യൂണിയൻ